മഞ്ചേരി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 650/2004-ന്റെ അന്വേഷണം

163 [3130] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 650/2004 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതികളെക്കുറിച്ച് ഇതുവരെ അറിവ് ലഭിച്ചിട്ടില്ല.

(സി) ഇല്ല. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും പ്രതികളെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

പോലീസ് സേനയിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള വ്യവസ്ഥകൾ

164 [3131] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-1-1984-ലെ ആഭ്യന്തര വകുപ്പിന്റെ ജി. ഒ. (പി) നമ്പർ 6/84/ഹോം ഉത്തരവുപ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് പോലീസ് സേനയിൽ ഏതെല്ലാം വിഭാഗത്തിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്താമെന്നു വ്യക്തമാക്കുമോ;

(ബി) ഈ സ്പെഷ്യൽ റൂൾസ് പ്രകാരമല്ലാതെ ഏതെങ്കിലും വിഭാഗത്തിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നൽകുവാൻ നിലവിലുള്ള നിയമങ്ങളോ ചട്ടങ്ങളോ അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ചുള്ള ഉത്തരവും ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നവർക്ക് ആംഡ് പോലീസ് ബറ്റാലിയനിലല്ലാതെ നിയമനം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ എന്നും ഇത്തരത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly